# കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - സംയോജിത നീർത്തട പരിപാലന പരിപാടി - മാർഗ്ഗ നിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ(കൈ) നം.240/2012/തസ്വഭവ** തിരുവനന്തപുരം, തീയതി, 22.09.2012

പരാമർശം: 1. സ.ഉ(കൈ) നം. 105/2011/തസ്വഭവ. തീയതി 14.06.2011.
2. സ.ഉ(കൈ) നം. 273/2011/തസ്വഭവ. തീയതി 31.10.2011.
3. ഗ്രാമവികസന കമ്മീഷണറുടെ 17.08.2012 തീയതിയിലെ 19502/ആർ &ഐ5/11/ സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)- ലെ സർക്കാർ ഉത്തരവ് പ്രകാരം സംയോജിത നീർത്തട പരിപാലന പരിപാടിയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം നീർത്തട ഡെവലപ്മെന്റ് ടീം (**WDT**) യെ ജില്ലാതലത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ നിർവ്വഹണത്തിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളിലെ സംഘടനാ സംവിധാനം പ്രോജക്ട് മാനേജ്മെന്റ്, ധനകാര്യ മാനേജ്മെന്റ് എന്നീ മേഖലകൾ വിഭാവനം ചെയ്യുന്ന അധ്യായങ്ങളിൽ കൂടുതൽ വ്യക്തത ആവശ്യമാണെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംയോജിത നീർത്തട പരിപാലന പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി തയ്യാറാക്കിയിട്ടുള്ള, ഇതോടൊപ്പം ചേർത്തിരിക്കുന്ന പുതുക്കിയ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1), (2) പ്രകാരമുള്ള ഉത്തരവുകൾ മേൽ പ്രസ്താവിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**വി.എസ്. സെന്തിൽ**
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
4. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.
5. പ്രസിഡണ്ട്/സെക്രട്ടറി, എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും
6. പ്രസിഡണ്ട്/സെക്രട്ടറി, എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും *(ഗ്രാമവികസന കമ്മീഷണർ മുഖേന)*
7. പ്രസിഡണ്ട്/സെക്രട്ടറി, എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും *(പഞ്ചായത്ത് ഡയറക്ടർ മുഖേന)*
8. എല്ലാ മെമ്പർമാർക്കും (എസ്.എൽ.എൻ.എ) *(ഗ്രാമവികസന കമ്മീഷണർ മുഖേന)*
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

**പകർപ്പ്:** 1. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
3. അഡീഷണൽ സെക്രട്ടറിയുടെ സി.എ..

*ഉത്തരവിൻപ്രകാരം*

***സെക്ഷൻ ഓഫീസർ***

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ സുഗമമായ നടത്തിപ്പിനു താഴെപ്പറയുന്ന അധിക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**സംഘടന സംവിധാനം**

നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനു വിവിധ ഏജൻസികളുടെയും സംവിധാനങ്ങളുടെയും ഏകോപനവും കൂട്ടായ പ്രവർത്തനങ്ങളും അനിവാര്യമാണ്. ഇതിന് താഴെപ്പറയുന്ന രീതിയിൽ സംഘടന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നു.

**സംസ്ഥാന തലം**

സംസ്ഥാനത്ത് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ (IWMP) നിർവ്വഹണത്തിനുള്ള നോഡൽ വകുപ്പ് ഗ്രാമവികസന വകുപ്പായിരിക്കും സംയോജിത നീർത്തട പരിപാലന പരിപാടിയുടെ പ്രോജക്ടുകളുടെ അംഗീകാരം നൽകുന്നതിനും ഓരോ പ്രോജക്റ്റിന്റെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് വിലയിരുത്തൽ തുടങ്ങിയവ സമയബന്ധിതമായി നടപ്പാക്കുന്നതിനും ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുതല പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി ഒരു സംസ്ഥാനതല നോഡൽ ഏജൻസി (SLNA) രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ചെയർമാൻ അഗ്രികൾച്ചറൽ പ്രോഡക്ഷൻ കമ്മീഷണർ ആയിരിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കോ-ചെയർമാനായിരിക്കും SLNA-യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഗ്രാമവികസന കമ്മീഷണർ ആയിരിക്കും.

സംസ്ഥാനതല നോഡൽ ഏജൻസിയെ സഹായിക്കുന്നതിനും സാങ്കേതികവും ഭരണപരവുമായ സഹായം നൽകുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്ന തിനും ഒരു IWMP സാങ്കേതികസഹായയൂണിറ്റും രൂപീകരിച്ചിട്ടുണ്ട്.

**ജില്ലാ തലം**

IWMP യുടെ ജില്ലാതല ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും മേൽനോട്ട ചുമതല ജില്ല ആസൂത്രണ സമിതിക്കാണ് (DPC). ജില്ല ആസൂത്രണ സമിതിയെ ഈ പ്രവർത്തനത്തിന് സഹായിക്കുന്നതിന് ഒരുജില്ലതല കോ-ഓർഡിനേഷൻ സമിതി (DLCC) രൂപീകരിക്കണം. ജില്ല പഞ്ചായത്ത് പ്രസിഡന്റ് ചെയർമാൻ ആയ കോ-ഓർഡിനേഷൻസമിതിയുടെ മെമ്പർ സെക്രട്ടറി ജില്ല കളക്ടർ ആയിരിക്കും,

പ്രിൻസിപ്പൽ,കൃഷിഓഫീസർ കോ-ഓർഡിനേഷൻ സമിതിയുടെ ടെക്നിക്കൽ കോ-ഓർഡിനേറ്ററും, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടർ പ്രോജക്റ്റ് മാനേജരുമായിട്ടുള്ള ഈ സമിതിയുടെ സെക്രട്ടേറിയറ്റ് ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന്റെ (PAU) ഓഫീസ് ആയിരിക്കും.

<u>ജില്ലാതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ ഘടന</u> (DLCC).

| | | |
|---|---|---|
| ചെയർമാൻ | - | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| മെമ്പർ സെക്രട്ടറി | - | ജില്ലാ കളക്ടർ |
| കൺവീനർ | - | പ്രോജക്റ്റ് മാനേജർ - IWMP |

<u>ജില്ലാതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അംഗങ്ങൾ</u>

1. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ (NREGA)
2. ജില്ലാ പ്ലാനിംഗ് സംരക്ഷണ ഓഫീസർ
3. ജില്ലാ മൃഗ സംരക്ഷണ ഓഫീസർ
4. ജില്ലാ സോയിൽ സർവ്വേ ഓഫീസർ
5. ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ
6. ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്
7. എക്സിക്യൂട്ടീവ് എൻജിനീയർ, മൈനർ ഇറിഗേഷൻ/തദ്ദേശസ്വയംഭരണ വകുപ്പ് (LSGD) കേരള വാട്ടർ അതോറിട്ടി
8. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ
9. ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്
10. പ്രതിനിധി, കേരള റൂറൽ വാട്ടർ സപ്ലൈ ഏജൻസി
11. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
12. ജില്ലാ കോ-ഓർഡിനേറ്റർ, ഐ. കെ. എം.
13. ജില്ലാ കോ-ഓർഡിനേറ്റർ, ഹോർട്ടികൾച്ചർ മിഷൻ

കൂടാതെ സംയോജന സാദ്ധ്യതയുള്ള മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ ഈ സമിതിയിലേക്ക് ജില്ലാ കളക്ടർക്ക് നോമിനേറ്റ് ചെയ്യാവുന്നതാണ്.

ജില്ലാതല സമിതി മാസത്തിലൊരിക്കലോ ആവശ്യമായ സന്ദർഭങ്ങളിലോ യോഗം ചേരേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിനു വാട്ടർ ഷെഡ് സെൽ കം ഡാറ്റാ സെന്റർ (WCDC) രൂപീകരിക്കണം. പദ്ധതി പ്രദേശത്തിന്റെ വലുപ്പമനുസരിച്ച് ആവശ്യമായ വിദഗ്ദ്ധരെ നിയമിച്ചായിരിക്കും WCDC രൂപീകരിക്കേണ്ടത്. WCDC യുടെ രൂപികരണം SLNA യുടെ ചുമതലയാണ്.

പദ്ധതി പ്രദേശം 25,000 ഹെക്ടറോ അതിൽ കൂടുതലോ ആണെങ്കിൽ കൃഷി/ ജലപരിപാലനം/കാർഷികഎഞ്ചിനീയറിംഗ്/സോഷ്യൽമൊബലൈസേഷൻ/അക്കൗണ്ടന്റ്/MIS എന്നീ വിഭാഗത്തിലും, 25000-ത്തിൽ കുറവാണെങ്കിൽ കൃഷി /ആക്കൗണ്ടന്റ്/ MIS എന്നീ വിഭാഗത്തിലുമുള്ള വിദഗ്ദ്ധരെ WCDC -യിൽ നിയമിക്കാവുന്നതാണ്.

മേൽ നിയമനങ്ങൾ ഡപ്യൂട്ടേഷനിലോ കരാർ അടിസ്ഥാനത്തിലോ ആയിരിക്കും.

ജില്ലാതല വാട്ടർ ഷെഡ് സെൽ കം ഡാറ്റാ സെന്ററും (WCDC) സംസ്ഥാന നോഡൽ ഏജൻസിയും (SLNA) ഒരു മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (MOU) ഒപ്പു വയ്ക്കേണ്ടതാണ്.

**ബ്ലോക്ക് തലം**

IWMP-യുടെ പദ്ധതി നിർവ്വഹണ ഏജൻസി (Project Implementation Agency - PIA) ബ്ലോക്ക് പഞ്ചായത്തുകൾ ആയിരിക്കും. പ്രോജക്ട് പ്രദേശത്ത് ഒന്നിൽ കൂടുതൽ ബ്ലോക്കുകൾ ഉൾപ്പെടുന്നുവെങ്കിൽ കൂടുതൽ പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത് ആയിരിക്കും PIA.

IWMP യുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും ആവശ്യമായ ഭരണപരവും സാങ്കേതികവുമായ സഹായ സംവിധാനങ്ങൾ ഒരുക്കുന്നതിനും വേണ്ടി ബ്ലോക്ക് തല IWMP കോ-ഓർഡിനേഷൻ സമിതിക്ക് PIA ആയ ബ്ലോക്ക് പഞ്ചായത്ത് രൂപം നൽകേണ്ടതാണ്.

**ബ്ലോക്ക്തല IWMP കോ-ഓർഡിനേഷൻ സമിതിയുടെ ഘടന**

1. പി.ഐ.എയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് - ചെയർമാൻ
2. പദ്ധതി പ്രദേശത്തെ മറ്റ് ബോക്ക് പ്രസിഡന്റുമാർ - കോ-ചെയർമാൻമാർ
3. PIA ബ്ലോക്കിലെ വൈസ് പ്രസിഡന്റ് - മെമ്പർ

| | | | |
|---|---|---|---|
| 4. | PIA ബ്ലോക്കിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | | മെമ്പർ |
| 5. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) | - | മെമ്പർ |
| 6. | നീർത്തട വികസനം നടപ്പിലാക്കുന്ന പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ | - | മെമ്പർമാർ |
| 7. | ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷൻ പ്രതിനിധി | - | മെമ്പർ |
| 8. | WDT-യുടെ പ്രതിനിധി | - | മെമ്പർ |
| 9. | JBDO (EGS) | - | മെമ്പർ |
| 10. | EO (WW) | - | മെമ്പർ |
| 11. | WCDC യുടെ ഒരു പ്രതിനിധി | - | സാങ്കേതിക വിദഗ്ദ്ധൻ |
| 12. | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | - | സാങ്കേതിക വിദഗ്ദ്ധൻ |
| 13. | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | - | മെമ്പർസെക്രട്ടറി |

**നീർത്തട ഡെവലപ്മെന്റ് ടീം (WDT)**

നീർത്തട ഡെവലപ്മെന്റ് ടീം (WDT), PIA-യുടെ ഒരു അവിഭാജ്യഘടകമായിരിക്കും. പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി നിർദ്ദിഷ്ട യോഗ്യതയും പ്രായോഗിക പരിചയവും ഉള്ള വ്യക്തികളുടെ ഒരു ടീമിനെ ജില്ലാതലത്തിൽ SLNA-യുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത് PIA ആയ ബ്ലോക്ക് പഞ്ചായത്തുകളിൽ നിയമിക്കുന്നതാണ്. ഇതിൽ ഒരാൾ സ്ത്രീ ആയിരിക്കും. WDT മെമ്പർമാർക്കുള്ള വേതനം, യാത്രാബത്ത എന്നിവ പ്രോജക്ടിൽ അനുവദിച്ചിട്ടുള്ള ഭരണനിർവ്വഹണ ചെലവിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്.

**WDT ടീം അംഗങ്ങൾ**

1. **ബ്ലോക്ക് പഞ്ചായത്തുകളിൽ വിന്യസിച്ചിരിക്കുന്ന കൃഷി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)**
2. **ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രവർത്തിച്ച് വരുന്ന സോയിൽ സർവ്വെ വകുപ്പിലെ ഡ്രാഫ്റ്റ്മാൻ / ഓവർസീയർമാർ**

3. എഞ്ചനീയർ: സിവിൽ എഞ്ചിനീയറിങ്ങിൽ ഡിഗ്രിയോ ഡിപ്ലോമയോ അല്ലെങ്കിൽ അഗ്രികൾച്ചർ എഞ്ചിനീയറിങ്ങിൽ ബിരുദമോ ഡിപ്ലോമയോ ഉള്ള ഒരാൾ.

4. Social mobiliser: സാമൂഹ്യസംഘടനകളിൽ പ്രവർത്തിച്ച് മുൻപരിചയമുള്ള, ഹ്യൂമാനിറ്റീസിൽ (Humanities-Sociology, Social Work, Rural development etc.,) ബിരുദമോ അതിൽ കൂടുതൽ വിദ്യാഭ്യാസ യോഗ്യതയോ ഉള്ള ഒരാൾ.

മേൽപ്പറഞ്ഞ പോസ്റ്റുകളിലേക്ക് കരാർ അടിസ്ഥാനത്തിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ഉദ്യോഗസ്ഥരെ നിയമിക്കാവുന്നതാണ്. പ്രദേശത്ത് സ്ഥിരതാമസമാക്കിയവർക്ക് മുൻഗണനയുണ്ടായിരിക്കും.

<u>ഗ്രാമപഞ്ചായത്ത്</u>

നീർത്തട വികസന പ്രവർത്തനങ്ങൾ പ്രയോഗിക തലത്തിൽ നടപ്പാക്കുന്നത് ഗ്രാമപഞ്ചായത്ത് പ്രദേശത്താണ്. നീർത്തട പരിപാലന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാനും മോണിറ്റർ ചെയ്യുന്നതിനുമായി ഒരു ഗ്രാമപഞ്ചായത്തുതല നീർത്തട കമ്മറ്റി രൂപീകരിക്കേണ്ടതാണ്. ഒരു നീർത്തട പദ്ധതി പ്രദേശം രണ്ടോ അതിലധികമോ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്നതാണെങ്കിൽ ഓരോ പഞ്ചായത്തിനും പ്രത്യേക നീർത്തട കമ്മിറ്റികൾ ഉണ്ടായിരിക്കും.

<u>നീർത്തട കമ്മിറ്റി (WC)</u>

ഗ്രാമപഞ്ചായത്തിലെ നീർത്തട പദ്ധതി പ്രവർത്തനം നടപ്പിലാക്കുന്നതിന് WDT-യുടെ സാങ്കേതിക സഹായത്തോടെ ഗ്രാമസഭ നീർത്തട കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. നീർത്തട കമ്മിറ്റി 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. അല്ലായെങ്കിൽ ഗ്രാമസഭകൾ രൂപീകരിക്കുന്ന നീർത്തട കമ്മിറ്റികൾ ഗ്രാമ പഞ്ചായത്തിന്റെ ഒരു സബ്കമ്മിറ്റിയായും രൂപീകരിക്കാവുന്നതാണ്. അപ്രകാരം രൂപീകരിക്കുന്ന നീർത്തട കമ്മിറ്റികൾക്ക് സൊസൈറ്റി രജിസ്ട്രേഷൻ ആവശ്യമില്ലാത്തതുമാകുന്നു. ഇതിൽ ഏത് നീർത്തടകമ്മിറ്റിയാണ് രൂപീകരിക്കേണ്ടത് എന്ന് പ്രത്യേകമായി അറിയിക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരിക്കും ചെയർമാൻ. ഗ്രാമസഭയാണ് സെക്രട്ടറിയെ നിശ്ചയിക്കുന്നത്. നീർത്തട കമ്മിറ്റിയിൽ ചുരുങ്ങിയത് പത്തു പേർ ഉണ്ടായിരിക്കും. ഇതിൽ ആറ് പേർ സ്വയംസഹായ സംഘം, യൂസർ ഗ്രൂപ്പ് പ്രതിനിധിയും പട്ടികജാതി, പട്ടികവർഗ്ഗക്കാർ, വനിതകൾ, ഗ്രാമത്തിലെ ഭൂരഹിതർ

എന്നിവയുടെ പ്രതിനിധികളായിരിക്കും. WDT പ്രതിനിധിയും സ്ഥലത്തെ പഞ്ചായത്ത് വാർഡ് മെമ്പറും ഉൾപ്പെട്ട നീർത്തട കമ്മിറ്റിയാണ് രജിസ്റ്റർ ചെയ്യേണ്ടത്.

നീർത്തട കമ്മിറ്റികൾക്കാണ് പദ്ധതി തുക അനുവദിക്കുന്നത്, നീർത്തട കമ്മിറ്റി പദ്ധതി തുക സ്വീകരിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുമായി പഞ്ചായത്തിലെ ഒരു ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങണം, WC-യുടെ ചെയർമന്റേയും സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടായാണ് ഇത് തുടങ്ങേണ്ടത്. സെക്രട്ടറിയുടെ ഹോണറേറിയം പ്രോജക്ടിന്റെ ഭരണനിർവ്വഹണ ചെലവിൽ നിന്നും എടുക്കാവുന്നതാണ്.

## വാട്ടർ ഷെഡ് കോ-ഓർഡിനേഷൻ കമ്മിറ്റി (WCC)

ചില നീർത്തട പ്രദേശങ്ങൾ ഒന്നിലധികം പഞ്ചായത്തുകളുടെ പരിധിക്കുള്ളിൽ വരാറുണ്ട്. ഇത്തരം അവസരങ്ങളിൽ വിശദമായ പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി വാട്ടർ ഷെഡ് Deliniation (നിർവ്വചനം) നടത്തുമ്പോൾ തന്നെ പഞ്ചായത്തു അതിർത്തികൾ കൃത്യമായി നിർവചിക്കുകയും ഓരോ പഞ്ചായത്തിന്റെയും പരിധിക്കുള്ളിൽ വരുന്ന വാട്ടർ ഷെഡ് പ്രദേശത്തിനും പ്രത്യേകം പ്രത്യേകം വാട്ടർ ഷെഡ് കമ്മിറ്റികൾ (WC) രൂപീകരിക്കുകയും വേണം. എങ്കിലും നീർത്തട പ്രദേശത്തിന് പൊതുവായ ഒരു വിശദമായ പ്രോജക്ട് ആയിരിക്കും ഉണ്ടാവുക. നീർത്തട പ്രദേശത്തെ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു വാട്ടർഷെഡ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിയ്ക്കേണ്ടതാണ്. ഇത്തരത്തിൽ WCC ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്നവെന്ന് PIA ഉറപ്പ് വരുത്തേണ്ടതാണ്.

## WCC-യുടെ ഘടന

| | | | |
|---|---|---|---|
| 1. | നീർത്തടത്തിന്റെ ഏറ്റവും കൂടുതൽ ഭുവിസ്തൃതി ഉൾപ്പെടുന്ന പഞ്ചായത്തിന്റെ പ്രസിഡന്റ് | - | ചെയർമാൻ |
| 2. | മറ്റ് പഞ്ചായത്ത് പ്രസിഡന്റുമാർ | - | കോ-ചെയർമാൻമാർ |

| | | | |
|---|---|---|---|
| 3. | നീർത്തടത്തിന്റെ ഏറ്റവും കൂടുതൽ ഭൂവിസ്തൃതി ഉൾപ്പെടുന്ന പഞ്ചായത്തിലെ സെക്രട്ടറി | - | മെമ്പർ സെക്രട്ടറി |
| 4. | WDT-യുടെ ഒരു അംഗം | - | മെമ്പർ |
| 5. | ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷൻ | - | മെമ്പർ |
| 6. | കൃഷി ഓഫീസർമാർ | - | മെമ്പർമാർ |
| 7. | WC സെക്രട്ടറിമാർ | - | മെമ്പർമാർ |
| 8. | നീർത്തട പ്രദേശം ഉൾപ്പെടുന്ന വാർഡ് മെമ്പർമാർ | - | മെമ്പർമാർ |

**നീർത്തട ഗ്രാമസഭ**

നീർത്തട പ്രദേശത്ത് താമസിക്കുന്ന കുടുംബത്തിലെ അംഗങ്ങൾ ചേർന്നതാണ് നീർത്തട ഗ്രാമ സഭ. വാർഷിക പദ്ധതി അംഗീകരിക്കൽ മുൻഗണനയ്ക്ക് അനുസരിച്ച് ഗുണഭോക്താക്കളെതിരഞ്ഞെടുക്കുകപദ്ധതിപ്രവർത്തനം വിലയിരുത്തുക, സോഷ്യൽ ഓഡിറ്റിംഗ് നടത്തുക എന്നീ ആവശ്യങ്ങൾക്കായി നീർത്തട ഗ്രാമസഭ വിളിച്ച് ചേർക്കാവുന്ന താണ്. ഗ്രാമസഭ വിളിച്ച് ചേർക്കാനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് മെമ്പർക്കായിരിക്കും.

**സ്വയം സഹായസംഘങ്ങൾ (SHG)**

ചെറുകിട നാമമാത്ര കർഷകർ, ഭൂരഹിതർ കർഷക തൊഴിലാളികൾ, സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർ എന്നിവരിൽ നിന്നും സമാനസ്വഭാവമുള്ള ആളുകളെ ഉൾപ്പെടുത്തി WDT-യുടെ സഹായത്തോടെ വാട്ടർഷെഡ് കമ്മിറ്റിയാണ് സ്വയം സഹായസംഘങ്ങൾ രൂപീകരിക്കുന്നത്. ഇത്തരം സ്വയംസഹായ സംഘങ്ങൾക്ക് ഗ്രേഡിംഗ് നടത്തി റിവോൾവിംഗ് ഫണ്ട് നൽകുന്നതാണ്.

**യൂസർ ഗ്രൂപ്പുകൾ**

നീർത്തട പ്രദേശത്ത് സ്ഥലം ഉള്ളവരും, പദ്ധതിയുടെ പ്രവർത്തനങ്ങളുടെയും ഗുണ ഫലം നേരിട്ട് അനുഭവിക്കുകയും ചെയ്യുന്നവരെ ഉൾപ്പെടുത്തി യൂസർ ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്. ഒരു പ്രത്യേക നീർത്തട പ്രവൃത്തിയിൽ നിന്നും നേരിട്ട്

സൗകര്യങ്ങൾ അനുഭവിക്കുന്നവരെയാണ് യൂസർ ഗ്രൂപ്പിൽ ഉൾപ്പെടുത്തേണ്ടത്. WC ആണ് യൂസർ ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടത്. WC യൂസർ ഗ്രൂപ്പുകളുമായി വിഭവ ഉപയോഗ സമ്മതപത്രം (Resource use agreement) ഒപ്പിടേണ്ടതാണ്.

2. <u>പ്രോജക്ട് മാനേജ്മെന്റ്</u>

മൂന്ന് ഘട്ടങ്ങളിലായിട്ടാണ് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ നിർവ്വഹണം നടക്കുന്നത്.

<u>ആദ്യഘട്ടം</u>

ആസൂത്രണ പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തിൽ നടക്കുന്നത്. വാട്ടർഷെഡ് കമ്മിറ്റികൾ, സ്വയം സഹായ സംഘങ്ങൾ, യൂസർ ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കുക ഇവയ്ക്ക് വേണ്ടി വരുന്ന പരിശീലനങ്ങൾ നടത്തുക എന്നിവയ്ക്ക് പുറമേ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ഈ ഘട്ടത്തിലാണ്. സംയോജിത നീർത്തട പരിപാലന പരിപാടിയുടെ പ്രവർത്തനം ഒരു നീർത്തടത്തിൽ തുടങ്ങേണ്ടത് എൻട്രി പോയിന്റ് പ്രവർത്തനങ്ങൾ ആരംഭിച്ചുകൊണ്ടായിരിക്കണം. എൻട്രി പോയിന്റ് പ്രവർത്തനങ്ങൾ നീർത്തട പ്രദേശത്തെ ജനങ്ങളെ പദ്ധതിയോട് അടുപ്പിക്കുവാൻ സഹായ കരമാകും. എൻട്രി പോയിന്റ് പ്രവർത്തനങ്ങളിൽ ചെയ്യുവാൻ കഴിയുന്ന ചില പ്രവർത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം 2)

<u>രണ്ടാംഘട്ടം</u>

വിശദമായി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ നിന്നും വേർതിരിച്ച് തയ്യാറാക്കിയ വാർഷിക കർമ്മ പദ്ധതികളിലെ പ്രവർത്തിയുടെ നിർവ്വഹണമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. നീർത്തടത്തിന്റെ എല്ലാ ഭാഗങ്ങളിലും ആദ്യം മുതൽ അവസാനം വരെ ചെയ്യാവുന്ന പ്രവൃത്തികളുടെ ലിസ്റ്റ് തയ്യാറാക്കി വേണം വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. (ഇതിലേക്ക് തിരഞ്ഞെടുക്കാവുന്ന പ്രവർത്തികൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്).

## എസ്റ്റിമേറ്റുകൾ

വാർഷിക പദ്ധതിയിൽ ചേർത്തിരിക്കുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റുകൾ പൊതു മരാമത്ത് നിരക്കിലോ, മണ്ണ് സംരക്ഷണ വകുപ്പിലെ അംഗീകൃത നിരക്കിലോ, കൃഷി വകുപ്പിന്റെ അംഗീകൃത നിരക്കിലോ, വനത്തിലെ പ്രവർത്തികൾക്ക് വനം വകുപ്പിന്റെ അംഗീകൃത നിരക്കിലോ ആയിരിക്കണം തയ്യാറാക്കേണ്ടത്. WDT എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയർ എന്നിവർക്കായിരിക്കും എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള ചുമതല. പ്രവർത്തികൾക്കാവശ്യമായ സാധന സാമഗ്രികളുടെ അളവ്, ഓരോ ഘട്ടത്തിലും എന്തൊക്കെ പണികളാണ് ചെയ്യേണ്ടത് എന്നിവ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരിക്കണം. വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്രവർത്തികളുടെയും എസ്റ്റിമേറ്റ് എടുക്കേണ്ടതാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ടിലെ എസ്റ്റിമേറ്റുകളിൽ പ്രവർത്തി ചെയ്യുന്ന സ്ഥലത്തിന്റെ സാഹചര്യമനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തിവേണം എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്.

## ഭരണാനുമതി

എല്ലാതരം പ്രവർത്തികൾക്കും ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്. പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്താണ് ഭരണാനുമതി നൽകേണ്ടത്. ഒരു നീർത്തടത്തിലെ വാർഷിക പദ്ധതിയിലെ പ്രവർത്തികൾക്ക് ഒരുമിച്ച് ഭരണാനുമതി നൽകാവുന്നതാണ്. ഇത് സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിന് മുമ്പായി നൽകിയിരിക്കണം.

## സാങ്കേതികാനുമതി

തദ്ദേശസ്വയംഭരണ വകുപ്പിലെ ത്രിതല പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മറ്റുമരാമത്ത് പ്രവർത്തികളുടെ നിർവ്വഹണ നടപടിക്രമങ്ങൾ ഈ പദ്ധതികൾക്ക് അവലംബിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ, ബ്ളോക്ക് പഞ്ചായത്തിലെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർ എന്നിവർ നിലവിലെ മറ്റുമരാമത്ത് പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്ന മാതൃകയിൽ സംയോജിത നീർത്തടപരിപാലന പരിപാടി പദ്ധതികളുടെയും സാങ്കേതികാനുമതി നൽകേണ്ടതാണ്.

## അളവുകളും പരിശോധനയും

വ്യക്തികൾ/യൂസർ ഗ്രൂപ്പുകൾ എന്നിവ വഴി നടത്തുന്ന പ്രവർത്തികളുടെ അളവുകൾ എടുക്കേണ്ടത് WDT എഞ്ചിനീയർ, LSGD എഞ്ചിനീയർ എന്നിവരാണ്. ഇവരെ സഹായിക്കുവാൻ നീർത്തട കമ്മിറ്റിയുള്ള നേതൃത്വത്തിൽ Bare foot engineer-മാരെ ചുമതലപ്പെടുത്താവുന്നതാണ്.ബെയർഫുട്ട്എഞ്ചിനീയർമാരുടെ തിരഞ്ഞെടുപ്പ് പരിശീലനം എന്നിവ സംബന്ധിച്ച് സർക്കാർ ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. എല്ലാ അളവുകളും ചെക്ക് മെഷർ ചെയ്യുന്നതിനുള്ള അധികാരം LSGD എഞ്ചനീയർ, Block-ലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർക്കായിരിക്കും.

എല്ലാ പ്രവർത്തികളുടെയും ഡോക്യുമെന്റേഷനുള്ള ചുമതല നീർത്തട കമ്മിറ്റിയ്ക്കാണ്. ഡിജിറ്റൽ ക്യാമറ ഉപയോഗിച്ച് പ്രവർത്തി സ്ഥലത്തിന്റെ പദ്ധതി തുടങ്ങുന്നതിന് മുമ്പുള്ള അവസ്ഥ, പ്രവർത്തി നടക്കുന്ന സമയത്തെ അവസ്ഥ, നീർത്തട പദ്ധതി പൂർത്തികരണത്തിൽ ശേഷമുള്ള അവസ്ഥ എന്നിവയുടെ ഫോട്ടോകൾ എടുത്ത് IWMP-യുടെ വെബ്ബ് സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. അപ് ലോഡിംഗ് സംബന്ധിച്ച നിർദ്ദേശം ഉടൻ പുറപ്പെടുവിക്കുന്നതാണ്.

## ബില്ലുകളും പേയ്മെന്റുകളും

എല്ലാ പ്രവർത്തികൾക്കും ബില്ലുകൾ തയ്യാറാക്കണം. പ്രവർത്തികളുടെ അളവുകൾ എടുത്ത് ബില്ലുകൾ തയ്യാറാക്കേണ്ടതുണ്ട്. അത്യാവശ്യ അവസരങ്ങളിൽ ഒരാഴ്ചയിൽ ഒരിക്കൽ അളന്ന് മൂല്യനിർണ്ണയ സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിലും പ്രവർത്തിയുടെ തുക നൽകാവുന്നതാണ്. തയ്യാറാക്കിയ ബില്ലുകൾ പ്രകാരമുള്ള തുക യൂസർ ഗ്രൂപ്പുകളുടെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ആയത് ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതുമാണ്. യൂസർ ഗ്രൂപ്പ് വ്യക്തികൾ നേരിട്ട് ചെയ്ത പദ്ധതിയാണെങ്കിൽ ആ വ്യക്തികൾക്കുള്ള ആനുകൂല്യം അതാത് വ്യക്തികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

മൂന്നാം ഘട്ടം

സംയോജിത നീർത്തട പരിപാലന പരിപാടിയനുസരിച്ച് ഏറ്റെടുക്കുന്ന എല്ലാ പ്രവർത്തികളും പൂർത്തീകരിക്കുന്നതാണ് മൂന്നാം ഘട്ടത്തിലെ ഏറ്റവും വലിയ ചുമതല. മാത്രമല്ല പ്രോജക്ടിന്റെ കലാവധി കഴിഞ്ഞ നീർത്തടത്തിൽ സുസ്ഥിര വികസനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക., ജനകീയ സംവിധാനങ്ങൾ സ്ഥാപനവൽക്കരിക്കുക, പൂർത്തീകരണ റിപ്പോർട്ടുകൾ തയ്യാറാക്കുക, ഡോക്യുമെന്റേഷൻ നടപടികൾ പൂർത്തീകരിക്കുക, ലക്ഷ്യങ്ങളും നേട്ടങ്ങളും വിലയിരുത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ മൂന്നാം ഘട്ടത്തിൽ നടത്തുന്നു. ഇതിന്റെ നിർവ്വഹണം സംബന്ധിച്ച ഉത്തരവുകൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

അപൂർവ്വമായി ചില സമയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും, ഗുണഭോക്താക്കളുടെയുമൊക്കെ കാര്യക്ഷമമായ പ്രവർത്തനവും ഇടപെടലുകളും ഉണ്ടായിരുന്നാൽ പോലും പദ്ധതി നടത്തിപ്പിന് വിഘാതം സംഭവിക്കുവാൻ സാധ്യതയുണ്ട്. ഈ സമയത്ത് പദ്ധതി പ്രവർത്തനത്തിന് അനുവദിച്ച ധനവും മറ്റ് വിഭവങ്ങളും ദുരുപയോഗം ചെയ്യാതിരിക്കുവാൻ പദ്ധതികൾ അവസാനിപ്പിക്കുവാൻ SLNA-യ്ക്ക് അധികാരമുണ്ടായിരിക്കും.

3. ധനകാര്യ മാനേജ്മെന്റ്

സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ യൂണിറ്റ് കോസ്റ്റായി മലമ്പ്രദേശങ്ങളിൽ ഒരു ഹെക്ടറിന് 15000 രൂപയും നിരപ്പായ പ്രദേശങ്ങളിൽ 12000 രൂപയുമാണ് അനുവദിക്കുന്നത്. സംസ്ഥാനാടിസ്ഥാനത്തിൽ തയ്യാറാക്കിയ നീർത്തടാധിഷ്ഠിത സമഗ്ര വികസനത്തിനായുള്ള ദീർഘകാല പരിപ്രേക്ഷ്യത്തിന്റെ (State Perspective and Strategic Plan) ത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന നോഡൽ ഏജൻസിക്ക് ഫണ്ട് അനുവദിക്കുന്നത്. ഈ ഫണ്ട് SLNA ദീർഘകാല പരിപ്രേക്ഷ്യ പദ്ധതിയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതായിരിക്കും.

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ഫണ്ട് താഴെപ്പറയുന്ന അനുപാതത്തിലാകും വിനിയോഗിക്കേണ്ടത്.

| ക്രമ നം. | ഇനം | ശതമാനം |
|---|---|---|
| 1. | ഭരണപരമായ ചെലവുകൾ | 10 |
| 2. | മോണിറ്ററിംഗ് | 1 |
| 3. | വിലയിരുത്തൽ | 1 |
| പ്രാരംഭ ഘട്ടം | | |
| 4. | മുന്നൊരുക്ക പ്രവർത്തനങ്ങൾ | 4 |
| 5. | പ്രാദേശിക സംവിധാനങ്ങൾ സ്ഥാപിക്കലും പരിശീലനവും | 5 |
| 6. | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ | 1 |
| നിർവ്വഹണ ഘട്ടം | | |
| 7. | നീർത്തട വികസന പ്രവർത്തികൾ | 56 |
| 8. | ലൈവ്‌ലി ഹുഡ് ആക്ടിവിറ്റീസ് | 9 |
| 9. | ഉത്പാദന മേഖലയുമായി ബന്ധപ്പെട്ട സൂക്ഷ്മ സംരംഭങ്ങൾ | 10 |
| പൂർത്തീകരണ ഘട്ടം | | |
| 10. | തുടർ പ്രവർത്തനങ്ങൾ | 3 |
| ആകെ | | 100 |

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ഫണ്ട് SLNA-യിൽ നിന്നും 'e' transfer മുഖേന ജില്ലാതല WCDC-യുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതായിരിക്കും ഇതിനായി ജില്ലാതല WCDC ജില്ല പഞ്ചായത്ത് പ്രസിഡന്റിന്റെയും പ്രോജക്ട് മാനേജരുടെയും (PD PAU) പേരിൽ ജില്ലാ ആസ്ഥാനത്ത് ഒരു ദേശസാൽകൃത ബാങ്കിൽ ഒരു ജോയിന്റ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ നിന്നും 'e' transfer മുഖേന ആവശ്യമായ തുക പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തിന്റെ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിലുള്ള ബ്ലോക്ക് ആസ്ഥാനത്തുള്ള ദേശസാത്കൃത ബാങ്കിൽ ആരംഭിച്ചിട്ടുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കും. പദ്ധതിയുമായി ബന്ധപ്പെട്ട് വരുന്ന ഭരണചെലവുകൾ, പരിശീലന ചെലവുകൾ എന്നിവ പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസിയായ (PIA) ബ്ലോക്ക് പഞ്ചായത്ത് തന്നെ നേരിട്ട് നിർവ്വഹിക്കണം. വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കാൻ ഏല്പിച്ച ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷന്റെ (TSO) ചെലവുകൾ DPR-ന്റെ പുരോഗതിയനുസരിച്ച് തവണകളായി ബ്ലോക്ക് പഞ്ചായത്ത് നൽകണം. പ്രവർത്തികൾ നിർവ്വഹിക്കുന്നതിനുള്ള തുക നീർത്തട കമ്മിറ്റിക്കളുടെ ചെയർമാന്റേയും (സെക്രട്ടറിയുടേയും) ജോയിന്റ് അക്കൗണ്ടിൽ

‘e’ transfer മുഖേന നിക്ഷേപിക്കണം. ഒരു കാരണവശാലും ചെക്ക് മുഖേനയോ / DD ആയോ ഫണ്ട് ട്രാൻസ്ഫർ ചെയ്യുവാൻ പാടുള്ളതല്ല.

ഓരോ നീർത്തട കമ്മിറ്റിയും നീർത്തട പദ്ധതി പ്രവർത്തനത്തിന് ലഭിക്കുന്ന തുക നിക്ഷേപിക്കുന്ന അക്കൗണ്ടിനു പുറമേ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് കൂടി ആരംഭിക്കണം. വാട്ടർഷെഡ് ഡവലപ്മെന്റ് ഫണ്ടിന്റെ ക്രയവിക്രയത്തിനായുള്ള ഈ അക്കൗണ്ട് ആരംഭിക്കുന്നത് നീർത്തട പദ്ധതികൾക്കായിട്ടുള്ള ഗുണഭോക്തൃവിഹിതവും യൂസർ ചാർജ്ജും സമാഹരിക്കുവാനും ഈ അക്കൗണ്ട് ഉപയോഗിക്കാവുന്നതാണ്. .

യൂസർചാർജ് കുറച്ച് ഗുണഭോക്താക്കൾക്ക് മാത്രമായി പ്രയോജനം നൽകുന്ന പ്രവർത്തികൾ ഏറ്റെടുക്കുമ്പോൾ ഒരു നിശ്ചിത സംഖ്യ യൂസർ ചാർജ്ജായി ഈടാക്കേണ്ടതുംആയത്മേൽവിവരിച്ചഅക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

ഗുണഭോക്തൃ വിഹിതവും യൂസർ ചാർജ്ജുമായി സമാഹരിക്കുന്ന തുക സംയോജിത നീർത്തട പരിപാലന പരിപാടി പ്രകാരം സൃഷ്ടിക്കുന്ന ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിക്കാവുന്നതാണ്. മേൽ തുകയുടെ വിനിയോഗവും സംബന്ധിച്ച ഉത്തരവ് പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ മോണിറ്ററിംഗ് ഡോക്യുമെന്റേഷൻ, വിലയിരുത്തൽ, റിക്കാർഡ് പരിപാലനം എന്നിവയ്ക്കുള്ള അധിക മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.